## പതിമൂന്നാം കേരള നിയമസഭ

### അഞ്ചാം സമ്മേളനം

നക്ഷത്ര ചിഹ്നമിട്ട നിയമസഭാ ചോദ്യം നമ്പർ: 665 — 13/07/2012-ൽ മറുപടിക്ക്

### പെരിഞ്ചാംകുട്ടിയിൽ നിന്ന് കുടിയിറക്കപ്പെട്ട ആദിവാസികൾ

| ചോദ്യം | | മറുപടി | |
|---|---|---|---|
| ശ്രീ. എ. കെ. ബാലൻ<br>,, എസ്. രാജേന്ദ്രൻ<br>,, കെ. കുഞ്ഞിരാമൻ (തൃക്കരിപ്പൂർ)<br>,, എ. പ്രദീപ് കുമാർ | | കുമാരി. പി.കെ. ജയലക്ഷ്മി<br>(പട്ടികവർഗ്ഗ ക്ഷേമവും, യുവജനകാര്യവും, കാഴ്ചബംഗ്ളാവുകളും മൃഗശാലകളും വകുപ്പ് മന്ത്രി) | |
| എ | ഇടുക്കിയിലെ പെരിഞ്ചാംകുട്ടിയിൽ നിന്ന് ആദിവാസികൾ കുടിയിറക്കപ്പെട്ടിട്ടുണ്ടോ; എങ്കിൽ എത്ര പേരെ; എന്നാണ് കുടിയിറക്കിയത്, കുടിയിറക്കാനുള്ള കാരണം എന്തായിരുന്നുവെന്ന് വ്യക്തമാക്കുമോ; | എ | ഇടുക്കി ജില്ലയിൽ പെരിഞ്ചാംകുട്ടിയിൽ അനധികൃതമായി പ്രവേശിച്ച് തേക്ക്, മുള പ്ലാന്റേഷൻ എന്നിവ വെട്ടി നശിപ്പിച്ചതിനു ശേഷം കുടിലുകൾ കെട്ടി താമസിച്ചു വരികയായിരുന്ന ആദിവാസികളായ കുടിയേറ്റക്കാരെ 10.02.2012 ൽ കുടിയൊഴിപ്പിച്ചിരുന്നു. 50 കുടുംബങ്ങളിലെ 62 പേരെയാണ് കുടിയൊഴിപ്പിച്ചത്. 01.01.1977 നു ശേഷം വനഭൂമി കൈയ്യേറുന്നവരെ കുടിയൊഴിപ്പിക്കുന്നതിന് ബഹു. സുപ്രീം കോടതി ഉത്തരവ് പുറപ്പെടുവിച്ചിട്ടുള്ളതിനാലാണ് വനം വകുപ്പ് കുടിയൊഴിപ്പിക്കൽ നടപടി സ്വീകരിച്ചിട്ടുള്ളത്. |
| ബി | കുടിയിറക്കിയവരെ പുനരധിവസിപ്പിച്ചിട്ടുണ്ടോ; എങ്കിൽ എത്ര പേരെ എവിടെയെല്ലാമാണ് പുനരധിവസിപ്പിച്ചിട്ടുള്ളതെന്ന് വ്യക്തമാക്കുമോ; ബാക്കിയുള്ളവരെ എന്ന് പുനരധിവസിപ്പിക്കും; | ബി | അനധികൃത കൈയ്യേറ്റമായതിനാൽ കുടിയൊഴിപ്പിക്കപ്പെട്ടവരെ പുനരധിവസിപ്പിച്ചിട്ടില്ല. |
| സി | ഇവരുടെ പേരിൽ വനം, പോലീസ് അധികൃതർ ഏതെങ്കിലും തരത്തിലുള്ള കേസ്സുകൾ രജിസ്റ്റർ ചെയ്തിട്ടുണ്ടോ. ഉണ്ടെങ്കിൽ ആയതിന്റെ വിശദവിവരങ്ങൾ വ്യക്തമാക്കുമോ? | സി | ഇവരുടെ പേരിൽ കേസ്സ് രജിസ്റ്റർ ചെയ്തിട്ടുണ്ട്. അടിമാലി ജുഡിഷ്യൽ ഫസ്റ്റ് ക്ലാസ്സ് മജിസ്ട്രേറ്റ് കോടതിയിൽ Crime No. 2/2012 Kerala Forest Act 1961 act 4 of 1962 Section 52 പ്രകാരമാണ് കേസ് എടുത്തിട്ടുള്ളത്. |

സെക്ഷൻ ഓഫീസർ